# SREEPATHY
INSTITUTE OF MANAGEMENT AND TECHNOLOGY

(Approved by AICTE, Affiliated to APJ Abdul Kalam Technological University)

Vavanoor, Koottanad(Via), Palakkad Dt., Kerala 679 533
Email: Sreepathycollege@gmail.com

Phone: 0466 2370200, 2371300, 2371500, 2371400 Fax: 0466 2370300
www.simat.ac.in


05/09/2018

പ്രസിദ്ധീകരണത്തിന്

## നവകേരള സൃഷ്ടിക്കായി 'ശ്രീപതി'യുടെ കൈത്താങ്ങ്

കൂറ്റനാട്: പ്രളയക്കെടുതിയുടെ ദുരിതം അനുഭവിക്കുന്ന ജനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി, വാവനൂർ കുടുംബത്തിന്റെ ഒരു കൈത്താങ്ങ്.

പ്രളയാനന്തരകേരളത്തിന്റെ പുനർനിർമ്മിതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള ഒരുലക്ഷം രൂപ സംഭാവന സെപ്തംബർ അഞ്ചാം തിയ്യതി ബുധനാഴ്ച്ച കാലത്ത് 11 മണിക്ക് കോളേജിൽ വച്ച് സർക്കാർ പ്രതിനിധിക്ക് കൈമാറി. അതോടൊപ്പം മഹാപ്രളയം നമ്മളിൽ നിന്നും പലതും കവർന്നുകൊണ്ടുപ്പോയിയെങ്കിലും ആദ്യം നമ്മളിൽ നിന്നും കവർന്നത് നാം അതിരുകെട്ടി തിരിച്ച മതിലുകളായിരുന്നു എന്ന തിരിച്ചറിവ്, സ്വജീവനും സ്വത്തുക്കളും തന്റെ സഹോദരങ്ങളുടെ ജീവനെക്കാൾ വലുതല്ല എന്നുകാണിച്ചുകൊടുത്ത ഒരു കൂട്ടം നല്ല മനുഷ്യരായ താനൂരിലെ ജയ്സലിനേയും കൂട്ടുകാരെയും ആദരിക്കുകയും, പൊന്നാടയണിയിച്ച് പാരിതോഷികങ്ങൾ കൈമാറുകയും ചെയ്തു. തദവസരത്തിൽ പാലക്കാട് ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ടി. കെ നാരായണദാസ്, സർക്കാർ പ്രതിനിധി ഡപ്യൂട്ടി തഹസിൽദാർ ടി. പി. കിഷോർ തുടങ്ങിയ പ്രമുഖ വ്യക്തികൾ പങ്കെടുത്തു. ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നുവെന്നും കൂടാതെ വരുന്ന പരിപാടികളിലും പങ്കെടുക്കുന്നതായിരിക്കുമെന്നും ഡയറക്ടർ പറഞ്ഞു. ശ്രീപതി ട്രസ്റ്റ് വൈസ് ചെയർമാൻ മല്ലിശ്ശേരി പരമേശ്വരൻ നമ്പൂതിരിപ്പാട്, കോളേജ് ഡയറക്ടർ ഡോ. കെ. കെ. ബാബു, ശ്രീ. കെ. വിജയൻ, ശ്രീ. എം. ആർ അജിത്കുമാർ, വൈസ് പ്രിൻസിപ്പാൾ ഡോ. സി. ടി. ജോർജ്ജ്, ശ്രീ. അബ്ദുള്ള ട്രോമ കെയർ യൂണിറ്റ്, വകുപ്പ് മേധാവികൾ എന്നിവർ സംസാരിച്ചു.

Director / Principal

ഡയറക്ടർ